## കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിൽ തസ്തികമാറ്റനിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം. സി2/23517/2017/കോ.വി.വ. തീയതി : 07.07.2017.

പരാമർശം:
1) 3.1.2014 തീയതിയിലെ സ.ഉ.(പി) നം. 1/2014/ഉ.ഭ.പ.വ.
2) 28.5.2015 തീയതിയിലെ സ.ഉ.(പി) നം. 16/2015/ഉ.ഭ.പ.വ.
3) 20.1.2016 തീയതിയിലെ സി. 3/3705/2014/കോ.വി.വ. നം. ഉത്തരവ്.
4) 15.2.2017 ൽ സമർപ്പിക്കപ്പെട്ട ശ്രീ. കെ.മുരളീധരന്റെ അപേക്ഷ.

### ഉത്തരവ്

ക്ലാർക്ക് തസ്തികയിലുണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനം അതാത് വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടേയും എൻട്രി കേഡറിലെ സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ ക്ലാർക്ക് തസ്തികയിലേയ്ക്കു തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് 2017 ൽ ഈ വകുപ്പിൽ ഉണ്ടായ ഒഴിവുകളിൽ 2 എണ്ണം വകുപ്പിലെ ആസ്ഥാന കാര്യാലയത്തിൽ മാറ്റി വച്ചിട്ടുണ്ട്.

പരാമർശം (3) പ്രകാരം പ്രസിദ്ധീകരിക്കപ്പെട്ട ക്ലാർക്ക് തസ്തികയിലേയ്ക്ക് നിയമനത്തിന് യോഗ്യരായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടേയും സബോർഡിനേറ്റ്സ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാരുടേയും സംയോജിത മുൻഗണനാപട്ടികയിലെ ക്രമനമ്പർ 15, ശ്രീ. കെ. രാജൻ വരെയുള്ള ജീവനക്കാരെ ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം മുഖേന നിയമിച്ചിട്ടുണ്ട്. ക്രമ നമ്പർ 16 ശ്രീ.കെ. മുരളീധരൻ ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനം നൽകേണ്ടതില്ലെന്ന് സൂചന (4) പ്രകാരം രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ എളേരിത്തട്ട് ഇ.കെ.എൻ.എം. ഗവൺമെന്റ് കോളേജിലെ അറ്റൻഡർ ശ്രീ. ബാബു കെ. കരുവാടൻ (ക്രമ നമ്പർ 17) പട്ടാമ്പി ശ്രീ. നീലകണ്ഠ ഗവൺമെന്റ് സംസ്കൃത കോളേജിലെ ഹെർബേറിയം കീപ്പർ ശ്രീ. ടി. രാമചന്ദ്രൻ (ക്രമനമ്പർ 18) എന്നിവരെ 19000-43600/- രൂപ ശമ്പള സ്കെയിലിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

തസ്തികമാറ്റ നിയനം ലഭിച്ച ജീവനക്കാർ, നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ വാങ്ങി കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഒപ്പ്/-
ടി.വി. കൃഷ്ണകുമാർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:
1. ബന്ധപ്പെട്ട ജീവനക്കാർക്ക്
2. ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക്
3. സി5 സീറ്റ്/സി4 സീറ്റ്
4. കരുതൽ ഫയൽ/നടപ്പു ഫയൽ

//അംഗീകാരത്തോടെ,//

സൂപ്രണ്ട്.

TP 12.7.2017.

0548154

GOVERNMENT OF KERALA